msarazak@hotmail.com

 എം.എസ്.എ റസാഖ്

# ആൺ -പെൺ ഇടകലരലിന്റെ പരിധികൾ

عَن إبن عَبَّاس رَضِيَ اللَّه عَنْهُما عَنِ النَّبي ﷺ قَالَ لا يَخْلُوَنّ رَجُلٌ بِامْرَأةٍ إلاّ مَعَ ذِي مَحْرَمٍ(بخارى، مسلم)

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "വിവാഹം നിഷിദ്ധമായവരുടെ (മഹ്റം) സാന്നിധ്യമില്ലാതെ ഒരു പുരുഷനും സ്ത്രീയും തനിച്ചാവരുത്" (ബുഖാരി, മുസ്‌ലിം)

സാമൂഹിക ജീവിതത്തിലും വ്യവഹാരങ്ങളിലും സ്ത്രീ പുരുഷന്മാർ സ്വീകരിക്കേണ്ട ധാർമിക, സദാചാര സംസ്കാരമാണ് ഹദീസ് പഠിപ്പിക്കുന്നത്. അന്യ സ്ത്രീ പുരുഷ സമാഗമത്തിന് നിയതമായ ചില നിയമവ്യവസ്ഥകളും നിയന്ത്രണങ്ങളും ആവശ്യമാണ്. അതിനു മനുഷ്യൻ സ്വയം വിധേയമാകേണ്ടതുമുണ്ട്. അതിൽ സുപ്രധാനമാണ് അന്യ സ്ത്രീ-പുരുഷന്മാരുടെ സ്വതന്ത്ര വിഹാരത്തെ നിയന്ത്രിക്കുന്നതിനുള്ള ഇസ്‌ലാമിക നിയമ നിർദേശങ്ങൾ.

വിവാഹം നിഷിദ്ധമായ വ്യക്തി-മഹ്റം- കൂടെയില്ലാതെ ഒരു സ്ത്രീയും അന്യ പുരുഷനും, മൂന്നാമതൊരാളുടെ സാന്നിധ്യമില്ലാതെ ഒറ്റക്കാവുന്നതിനെയാണ് 'ഖൽവത്ത്' എന്ന് പറയുന്നത്. "പണ്ഡിതന്മാരുടെ ഏകോപന തീരുമാന പ്രകാരം അന്യരായ ഒരു സ്ത്രീയും പുരുഷനും മൂന്നാമതൊരാളുടെ സാന്നിധ്യമില്ലാതെ സംഗമിക്കുന്നത് നിഷിദ്ധമാകുന്നു" (ഇമാം നവവി(റ), ശർഹ് മുസ്‌ലിം).

മൂന്നാമതൊരാളുടെ സാന്നിധ്യമില്ലാതെ അന്യ സ്ത്രീയും പുരുഷനും തനിച്ചാവുന്നത് വിലക്കുന്ന ധാരാളം ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) പറഞ്ഞു: "ഒരു പുരുഷനും ഒരു സ്ത്രീയോടൊപ്പം തനിച്ചാവുന്നില്ല; മൂന്നാമനായി പിശാചിന്റെ സാന്നിധ്യമില്ലാതെ" (അഹ്മദ്, തിർമിദി). ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "ഏതൊരുവൻ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവൻ അന്യ സ്ത്രീയുമായി തനിച്ചാവരുത്; അവർക്കിടയിൽ മഹ്റമിന്റെ സാന്നിധ്യമില്ലാതെ" (ത്വബ്റാനി). ജാബിറി(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നിങ്ങൾ ഭർത്താവിന്റെ അസാന്നിധ്യത്തിൽ കഴിയുന്ന സ്ത്രീയുടെ അടുത്ത് പ്രവേശിക്കരുത്. തീർച്ചയായും പിശാച് നിങ്ങളുടെ രക്തത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കും" (തിർമിദി).

പൊതുജന സാന്നിധ്യമുള്ള റോഡ്, കച്ചവട സ്ഥാപനങ്ങൾ, വാഹനങ്ങൾ, പാഠശാലകൾ, തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഹാജരാവുന്നതിന് ഈ പൊതുവിധി ബാധകമല്ല. പക്ഷേ, അവിടങ്ങളിലെല്ലാം ധാർമിക സുരക്ഷ ഉറപ്പുവരുത്തേണ്ടതും സദാചാര മൂല്യങ്ങൾ പാലിക്കേണ്ടതുമാണ്.

ഉഖ്ബത്തുബ്നു ആമിറി(റ)ൽനിന്ന് നിവേദനം. പ്രവാചകൻ പറഞ്ഞു: "നിങ്ങൾ സ്ത്രീകളുടെ അടുത്ത് പ്രവേശിക്കുന്നത് സൂക്ഷിക്കുക." അപ്പോൾ ഒരു അൻസ്വാരി ചോദിച്ചു: "അത് ഭർത്താവിന്റെ അടുത്ത ബന്ധുക്കളായിരുന്നാലോ?" അവിടുന്ന് പറഞ്ഞു: "അവരാണ് കൂടുതൽ വിനാശം" (ബുഖാരി, മുസ്‌ലിം). ഭാര്യ-ഭർതൃ ബന്ധുക്കളാവുമ്പോൾ തുറന്ന് ഇടപഴകാനുള്ള അവസരം കൂടുകയും തെറ്റിലേക്ക് ആപതിക്കാനുള്ള സാധ്യത ഏറുകയും ചെയ്യുന്നു. വിവാഹം അനുവദിക്കപ്പെട്ട ബന്ധുക്കളായ സ്ത്രീ പുരുഷന്മാർ ഇടപഴകുന്നതിലും കണിശമായ ഇസ്‌ലാമിക വിധി പാലിക്കേണ്ടതാണ്.

അന്യ സ്ത്രീ പുരുഷന്മാരുടെ സ്വതന്ത്ര വിഹാരവും ഇടപഴകലുകളും നമ്മുടെ സമൂഹത്തെ സാംസ്കാരിക ജീർണതകളിൽ കൊണ്ടെത്തിച്ചിരിക്കുന്നു. നിരവധി ആനുകാലിക സംഭവങ്ങൾ ഇതിന്റെ നേർസാക്ഷ്യമാണ്. സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. സ്ത്രീയും പുരുഷനും ഒറ്റക്കാകരുത് എന്ന വിധി സോഷ്യൽ മീഡിയകളിലെ ചാറ്റ് റൂമുകൾക്കും ബാധകമാണ്. ഇതുവഴി പ്രണയ ബന്ധങ്ങൾ ശക്തിപ്പെടുമ്പോൾ മക്കളെയും കുടുംബത്തെയും ഉപേക്ഷിച്ച് കമിതാക്കളോടൊപ്പം ഓടിപ്പോകുന്ന പ്രവണത വർധിച്ചിരിക്കുന്നു. ഭർതൃമതികളായ സ്ത്രീകൾ അവിവാഹിതരായ പുരുഷന്മാരോടൊപ്പം ഒളിച്ചോടിപ്പോകുന്ന സംഭവങ്ങളും ഏറിവരുന്നു. ഇപ്രകാരം കുടുംബകോടതികളിൽ എത്തുന്ന കേസുകൾ നിരവധിയാണ്. വിവാഹമോചന കേസുകളിൽ മിക്കതിനും വിവാഹ ബാഹ്യ ബന്ധങ്ങളാണ് മുഖ്യ കാരണം. വിവാഹിതരായ സ്ത്രീ പുരുഷന്മാർക്കിടയിലെ ഒട്ടുമിക്ക സോഷ്യൽ നെറ്റ് വർക്ക് ബന്ധങ്ങളും സൗഹൃദത്തിൽ തുടങ്ങി വിവാഹ ബന്ധ തകർച്ചയിലോ ആത്മഹത്യയിലോ ഒടുങ്ങുന്നു. യുവതീ യുവാക്കളിൽ വ്യാപകമായി വരുന്ന ഇത്തരം അവിഹിത ബന്ധങ്ങൾ അവരുടെ ഭാവിയെ തകർത്തുകളയുന്നു.

സ്ത്രീ പുരുഷന്മാർ തമ്മിൽ സ്വതന്ത്രമായി ഇടപഴകാനുള്ള സാഹചര്യങ്ങൾ വർധിച്ചതും ധാർമിക, സദാചാര, മത ശാസനകൾ കണിശതയോടെ പാലിക്കാത്തതുമാണ് ഈ പ്രവണതകൾക്ക് മുഖ്യ കാരണം. ജീർണമായ ഇത്തരം പ്രവണതകളിൽ നിന്നും സാംസ്കാരികാധപതനത്തിൽ നിന്നും മൂല്യച്യുതിയിൽ നിന്നും മുക്തമാകുന്നതിനുള്ള പോംവഴി പ്രവാചകൻ (സ) പഠിപ്പിക്കുന്ന ഇസ്‌ലാമികാധ്യാപനങ്ങൾ മുറുകെപ്പിടിക്കുകയെന്നത് മാത്രമാണ്. ഏതൊരു സമൂഹത്തിന്റെയും സാംസ്കാരിക മുന്നേറ്റത്തിന് അനിവാര്യമാണത്. ■